## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T.5645 02.07.2019-ൽ മറുപടിയ്ക്ക്

## ഹിന്ദു-കടയൻ വിഭാഗത്തിന് സാക്ഷ്യപത്രം

| | | | |
|---|---|---|---|
| ചോദ്യം: | | ഉത്തരം: | |
| ശ്രീ.ടി.എ.അഹമ്മദ് കബീർ | | എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ മങ്കട വില്ലേജിൽ ഹിന്ദു-കടയൻ വിഭാഗത്തിൽപ്പെട്ടവരുണ്ടോ; വിശദാംശം നൽകുമോ; | (എ) | പെരിന്തൽമണ്ണ താലൂക്കിലെ മങ്കട വില്ലേജിൽ പട്ടികജാതിയിൽ ഉൾപ്പെട്ട ഹിന്ദു-കടൈയൻ വിഭാഗക്കാർ ഇല്ല. എന്നാൽ പ്രാദേശികമായി "കടയൻ" എന്നറിയപ്പെടുന്നവരും കത്തി, പണിയായുധങ്ങൾ എന്നിവ മൂർച്ച കൂട്ടുന്നത് കുലത്തൊഴിലായി സ്വീകരിച്ചുവരുന്നതുമായ ആൾക്കാർ മങ്കട വില്ലേജിൽ അധിവസിക്കുന്നുണ്ട്. ഇവർ ഒ.ബി.സി വിഭാഗത്തിലാണ് ഉൾപ്പെടുന്നത്. |
| (ബി) | ഹിന്ദു-കടയൻ വിഭാഗം എസ്.സി. വിഭാഗത്തിൽ ഉൾപ്പെടുന്നവരാണോ; വ്യക്തമാക്കാമോ; | (ബി) | കേരളത്തിലെ പട്ടികജാതി പട്ടികയിൽ 25-ാമതായി ചേർത്തിരിക്കുന്ന ജാതിയാണ് 'കടൈയൻ'. |
| (സി) | പ്രസ്തുത വിഭാഗക്കാരെ മുൻകാലങ്ങളിൽ എസ്.എസ്.എൽ.സിയിൽ അടക്കം എസ്.സി.വിഭാഗമായി രേഖപ്പെടുത്തി യിട്ടുള്ളത് ജില്ലാ ഭരണകൂടത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) & (ഡി) | ഉണ്ട്. 2014-ൽ പെരിന്തൽമണ്ണ തഹസീൽദാർ പെരിന്തൽമണ്ണ താലൂക്ക് പരിധിയിൽ ഉൾപ്പെട്ടിരുന്നതും പ്രാദേശികമായി "കടയൻ" എന്നറിയപ്പെട്ടിരുന്നതുമായ വിഭാഗത്തിന് "ഹിന്ദു-കടൈയൻ" പട്ടികജാതി സാക്ഷ്യപത്രം അനുവദിച്ചിരുന്നു. എന്നാൽ പെരിന്തൽമണ്ണ താലൂക്ക് പരിധിയിൽ ഉൾപ്പെട്ടവർ ഹിന്ദു-കടൈയൻ വിഭാഗത്തിൽപ്പെട്ടവരല്ലെന്നും ഇവർ പണിയായുധങ്ങൾ മൂർച്ച കൂട്ടി കടയൽ തൊഴിലാക്കിയവരാണെന്നും കിർത്താഡ്സിന്റെ പഠനത്തിൽ കണ്ടെത്തി, ഇവർ ഒ.ബി.സി വിഭാഗത്തിലാണെന്ന് റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് മുൻപ് നൽകിയ പട്ടികജാതി സാക്ഷ്യപത്രം റദ്ദ് ചെയ്യുകയാണുണ്ടായത്. |
| (ഡി) | 2014-ൽ ഈ വിഭാഗക്കാരെ എസ്.സി. വിഭാഗത്തിൽ ഉൾപ്പെടുത്തി സാക്ഷ്യപത്രം അനുവദിച്ചിട്ടും നിലവിൽ ഈ വിഭാഗങ്ങൾക്ക് സാക്ഷ്യപത്രം നൽകാത്തതിന്റെ കാരണം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ